**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം.5995

08.07.2013 ൽ മറുപടിക്ക്

**കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്ന കഫേകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണിജോസഫ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.എം.എ.വാഹിദ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | ഡോ.എം.കെ.മുനീർ<br>ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി |
| എ) സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിൽ കഫേകൾ പ്രവർത്തിക്കുന്നുണ്ടോ ; | എ)ഉണ്ട്. |
| ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; | ബി) ശുചിത്വവും ഗുണമേന്മയുമുള്ള ഭക്ഷണം ജനങ്ങൾക്ക് ലഭ്യമാക്കുന്നതോടൊപ്പം ഒരു തൊഴിൽ മേഖല കൂടി ഉറപ്പുവരുത്തുകയാണ് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ |
| സി) പ്രസ്തുത കഫേകൾ വഴി കുടുംബശ്രീയിലെ സ്ത്രീകൾക്ക് ഉപജീവനം നല്കാൻ എന്തെല്ലാം കർമ്മപരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ; | സി) കഫേ കുടുംബശ്രീയെ ഒരു ബ്രാന്റായി വികസിപ്പിച്ചെടുക്കുക, കേരളത്തിന്റെ പാരമ്പര്യ ഭക്ഷണ വൈവിധ്യം മേളകൾ സംഘടിപ്പിച്ച് ജനങ്ങൾക്ക് നല്കുക, ഇതിനനുയോജ്യമായ പരിശീലനം നല്കി കൂടുതൽ സ്ത്രീകളെ ഈ മേഖലയിലേക്ക് വരുന്നതിനുള്ള അവസരം സൃഷ്ടിക്കുക |
| ഡി) ഇവയുടെ പ്രവർത്തനം സംസ്ഥാനത്ത് വ്യാപകമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കുമോ ? | ഡി)നടപടി സ്വീകരിച്ചു വരുന്നു. സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്ന കുടുംബശ്രീ കാന്റീൻ കാറ്ററിംഗ് യൂണിറ്റുകളുടെ വിവരശേഖരണം നടത്തിവരുന്നു. ഡേറ്റ ലഭ്യമായാലുടൻ ഇവർക്കാവശ്യമായ പരിശീലനം നല്കുകയും വരുമാന വർദ്ധനവിനുള്ള നടപടി സ്വീകരിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ